റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു.† നിറമൊഴിച്ച് മറ്റെല്ലാ ഘടകങ്ങളും പരിധിക്കുള്ളിലായിരുന്നുവെന്ന് പരിശോധനാഫലം കാണിക്കുന്നു.

പഞ്ചകർമ്മ ആശുപത്രിയിലെ ചികിത്സാ സൗകര്യങ്ങൾ

182 (3111)ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആയുർവേദ കോളേജിന്റെ കീഴിലുള്ള പൂജപ്പുരയിലെ പഞ്ചകർമ്മാശുപത്രിയുടെ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പേ വാർഡ് റൂമുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും പരിപാടിയുണ്ടോ;

(ബി) ആയുർവേദ കോളേജുകളിൽ ഡിപ്പാർട്ടുമെന്റ് സിസ്റ്റം നിലവിൽ വന്ന സ്ഥിതിക്ക് പഞ്ചകർമ്മ ചികിത്സയിൽ യോഗ്യതയുള്ള ചികിത്സകരാണോ ഇപ്പോൾ പ്രസ്തുത ആശുപത്രിയിൽ ചികിത്സ നടത്തുന്നത്;

(സി) പഞ്ചകർമ്മാശുപത്രിയിലെ പ്രൊഫസർ ഇൻചാർജും മറ്റ് ഡോക്ടർമാരും വിഷവിഭാഗങ്ങളിലെ (അഗദതന്ത്രവിഭാഗം) ഡോക്ടർമാരാണോ; ഇവർക്ക് പഞ്ചകർമ്മ ചികിത്സ നടത്താനുള്ള യോഗ്യതയും പരിശീലനവും എന്താണെന്ന് വ്യക്തമാക്കുമോ? ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) കായ ചികിത്സ പഞ്ചകർമ്മമാണ്, പഞ്ചകർമ്മാശുപത്രിയിലെ ചികിത്സയുടെ യോഗ്യത എന്നിരിക്കെ പ്രൊഫസർ ഇൻ-ചാർജ് തസ്തികയിലേക്ക് യോഗ്യതയുള്ളവരെ നിയമിക്കുന്നതിനുവേണ്ടി ആരുടെയെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ കാര്യത്തിൽ എന്ത് നടപടിയാണ് എടുത്തിട്ടുള്ളത്;

(ഇ) പ്രസ്തുത ആശുപത്രിയുടെ പ്രാധാന്യവും ചികിത്സാ സാദ്ധ്യതകളും കണക്കിലെടുത്ത് പ്രസ്തുത തസ്തിക അവിടെ ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ;

(എഫ്) പഞ്ചകർമ്മ ആശുപത്രിയിലെ ചികിത്സകൾക്ക് യോഗ്യരായവരെമാത്രം നിയമിച്ച് ചികിത്സയ്ക്ക് അതിന്റേതായ തനിമയും ഗുണവും നിലനിർത്തുന്നതിന് എത്രയുംവേഗം നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) പഞ്ചകർമ്മ ആശുപത്രിയിലെ പ്രൊഫസർ-ഇൻ-ചാർജ് വിഷവിഭാഗത്തിന്റെ പ്രൊഫസറാണ് പഞ്ചകർമ്മാശുപത്രിയിൽ ഗവൺമെന്റ് ആയുർവേദ കോളേജിലെ ക്ലിനിക്കൽ വിഭാഗത്തിലുള്ള എല്ലാ അദ്ധ്യാപകർക്കും രോഗികളെ കിടത്തി ചികിത്സിക്കാൻ സ്വാതന്ത്ര്യമുണ്ട്. അവരുടെ രോഗികൾക്ക് പ്രസ്തുത ഡോക്ടർമാർ നിർദ്ദേശിക്കുന്ന ചികിത്സകൾ ഇവിടെ ചെയ്തു വരുന്നു. ഇതിനായി ട്രെയിനിംഗ് ലഭിച്ചിട്ടുള്ള പഞ്ചകർമ്മ അസിസ്റ്റന്റുമാരും മാസ്സിയർമാരും ഉണ്ട്. ബി.എ.എം.എസ്. സിലബസ്സിൽ പഞ്ചകർമ്മാ ചികിത്സാ കൃത്യമായി പഠിപ്പിക്കുന്നുണ്ട് എന്നതിനാൽ എല്ലാ

† അനുബന്ധം XIX

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർമാരും പഞ്ചകർമ്മ ചികിത്സകൾ ചെയ്യുവാൻ യോഗ്യമാണ്. പ്രത്യേക ചികിത്സ ആവശ്യമുള്ള രോഗികളെ കായ ചികിത്സ വിഭാഗത്തിലേക്ക് മാറ്റി ചികിത്സിക്കുന്നുണ്ട്.

ഇത് സംബന്ധിച്ച് രോഗികളിൽ നിന്നും പരാതി ലഭിച്ചിട്ടില്ല.

(ഡി) ഉണ്ട്. കായ ചികിത്സ പഞ്ചകർമ്മമാണ്. യോഗ്യതയെങ്കിലും നിവേദകനായ ഡോ. അശോക് ഇതുമായി യാതൊരു ബന്ധവുമില്ലാത്ത സ്വസ്ഥവൃത്ത വിഭാഗത്തിലെ പ്രൊഫസർ ആണ്. അദ്ദേഹം സ്വസ്ഥവൃത്ത ഡിപ്പാർട്ട്മെന്റിലേക്ക് ഓപ്റ്റ് ചെയ്ത് പ്രസ്തുത ഡിപ്പാർട്ടുമെന്റ് പ്രൊഫസറായി നിയമിക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ ഈ നിവേദനം പരിഗണനാർഹമല്ല.

(ഇ) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(എഫ്) ഇപ്പോൾ യോഗ്യരായവർ തന്നെയാണ് കൈകാര്യം ചെയ്യുന്നത്. തനിമയും ഗുണവും നിലനിർത്തുന്നതിന് ആവശ്യമായ നടപടികൾ കാലാകാലങ്ങളിൽ സ്വീകരിച്ചിട്ടുണ്ട്.

ആയുർവേദ ഔഷധങ്ങളും അബ്കാരി നിയമവും

183 (3112)ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ ഔഷധങ്ങളിൽപ്പെടുന്ന അരിഷ്ടാസവങ്ങളെ അബ്കാരി നിയമത്തിന്റെ പരിധിയിൽപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിയന്ത്രണങ്ങൾ ആയുർവേദ ചികിത്സയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;;

(സി) എങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ അടിയന്തിര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) അബ്കാരി ആക്ടിലെ ബന്ധപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി പ്രവർത്തിക്കുന്നവർക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഹോമിയോ ഡിസ്പെൻസറി

184 (3113)ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോസ്ദുർഗ്ഗ് നിയോജകമണ്ഡലത്തിൽ ഹോമിയോ ഡിസ്പെൻസറി ഇല്ലാത്ത പഞ്ചായത്തുകളുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ പഞ്ചായത്തുകളാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഡിസ്പെൻസറിയില്ലാത്ത പഞ്ചായത്തുകളിൽ പുതുതായി ഹോമിയോപ്പതി ഡിസ്പെൻസറി അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly